ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം ഊഷ്മളവും ശക്തവുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഇന്ത്യ - ഇ. യു. സ്വതന്ത്ര വ്യാപാര കരാർ നടപ്പാക്കാൻ യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നുമായി നടത്തിയ ചർച്ചയിൽ ധാരണ.

   **Prime Minister Narendra Modi and the President of the European Commission, Ursula von der Leyen, today directed their teams that the India-EU Free Trade Agreement should be concluded within the year**

2. ബംഗ്ലാദേശികളേയും, റോഹിംഗ്യൻ വിഭാഗത്തെയും രാജ്യത്ത് പ്രവേശിക്കാൻ സഹായിക്കുന്നവർക്കെതിരെ കർശന നടപടിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has directed to take strict action against the entire network that helps Bangladeshi and Rohingya intruders to enter in the country and facilitate their stay.**

3. കുതിപ്പ് തുടർന്ന് ഇന്ത്യൻ സമ്പദ് വ്യവസ്ഥ; നടപ്പ് സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ കൈവരിച്ചത് 6.2 ശതമാനം വളർച്ച.

   **India retains the fastest-growing major economy tag as the country's GDP grew by 6.2 percent in the third quarter of FY25, up from the revised rate of 5.6 percent in the previous quarter.**

4. **ഉത്തരാഖണ്ഡിലെ, ചമോലി ജില്ലയിൽ ഹിമപാതത്തിൽ കുടുങ്ങിയ 57 തൊഴിലാളികളിൽ 32 പേരെ ര ക്ഷപ്പെടുത്തി; രക്ഷാ പ്രവർത്തനം തുടരുന്നു.**

**In Uttarakhand, 32 out of 57 workers trapped in a massive avalanche near Mana village in Chamoli district have been successfully rescued; Rescue operations continue.**

5. **രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളത്തിനെതിരെ വിദർഭയ്ക്ക് 37 റൺസിൻറെ ഒന്നാം ഇന്നിങ്സ് ലീഡ്; വനിതാ പ്രീമിയർ ലീഗിൽ ഇന്ന് ഡൽഹി - മുംബൈ പോരാ ട്ടം.**

**Vidarbha takes 37-run first innings lead against Kerala in Ranji Trophy cricket final; Delhi-Mumbai clash in Women's Premier League today.**

☺☺☺☺☺☺☺☺☺☺☺☺☺☺☺

## NEW DAY PREZ EU - INDIA (INTRO)

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം ഊഷ്മളവും ശക്തവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നുമായി ന്യൂഡൽഹിയിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള പങ്കാളിത്തം ത്വരിതപ്പെടുത്താൻ നിരവധി നടപടികളാണ് സ്വീകരിച്ച് വരുന്നത്. വ്യാപാരം, സാങ്കേതികവിദ്യ, നിക്ഷേപം, സുരക്ഷ, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളുടെ അഭിവൃദ്ധിയ്ക്കായി ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയുമായി മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. ഇന്ത്യ - യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഈ വർഷം തന്നെ യാഥാർത്ഥ്യമാക്കാനും ഇരു നേതാക്കളും തമ്മിൽ ധാരണയായി.

(PM BYTE)

ഇന്ത്യയും യൂറോപ്പും സമാന ചിന്താഗതിക്കാരായ സുഹൃത്തുക്കളാണെന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളാണെന്നും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ പറഞ്ഞു. തന്ത്രപരമായ വിഷയങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കാൻ ഇരുപക്ഷവും തമ്മിൽ ധാരണയായതായും അവർ കൂട്ടിച്ചേർത്തു. യൂറോപ്പ്

ഇതിനകം ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണെന്നും ഉർസുല വോൺ ഡെർ ലെയ്ൻ വ്യക്തമാക്കി.

(BYTE)

😊😊😊😊😊😊😊😊😊😊😊😊😊😊😊

# PRESIDENT

രാജ്യത്തെ നീതി നിർവ്വഹണ പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് ഫോറൻസിക് വിഭാഗമെന്നും മേഖലയിൽ സ്ത്രീപ്രാതിനിധ്യം കൂടുന്നതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ഗുജറാത്ത് ഗാന്ധിനഗറിലെ ദേശീയ ഫോറൻസിക് സയൻസ് സർവകലാശാലയുടെ മൂന്നാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കാൻ എല്ലാവരും ശ്രമിക്കണമെന്ന് ശ്രീമതി മുർമു വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

😊😊😊😊😊😊😊😊😊😊😊😊😊😊😊

# AMIT SHAH-MEETING

ബംഗ്ലാദേശികളേയും, റോഹിംഗ്യൻ വിഭാഗത്തേയും രാജ്യത്ത് പ്രവേശിക്കാൻ സഹായിക്കുന്നവർക്കെതിരെ കർശന നടപടി യെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർദ്ദേശം നൽകി. അനധികൃത നുഴഞ്ഞുകയറ്റക്കാരുടെ വിഷയം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ടതാണെന്നും അത് കർശനമായി തന്നെ കൈകാര്യം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. നുഴഞ്ഞുകയറ്റക്കാരെ തിരിച്ചറിഞ്ഞ് നാടുകടത്തണമെന്ന് കേന്ദ്ര മന്ത്രി ആവശ്യപ്പെട്ടു. ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ഡൽഹി ആഭ്യന്തര മന്ത്രി ആശിഷ് സൂദ് എന്നിവരുമായി ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. ഡൽഹിയിലെ അന്തർസംസ്ഥാന സംഘങ്ങളെ ഇല്ലാതാക്കുമെന്നും മയക്കുമരുന്ന് ശൃംഖല തകർക്കുമെന്നും ശ്രീ.അമിത് ഷാ ഉറപ്പുനൽകി.

😊😊😊😊😊😊😊😊😊😊😊😊😊😊😊

# INDIA-GDP

2024-25 സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.2% വളർച്ച കൈവരിച്ചതായി കേന്ദ്രസർക്കാർ. ഏറ്റവും പുതിയ കണക്കുകൾ സമ്പദ്‌വ്യവസ്ഥ യുടെ സ്ഥിരമായ വികാസത്തെ

സൂചിപ്പിക്കുന്നതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം വ്യക്തമാക്കി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ ജി ഡി പി വളർച്ച 8.6 ശതമാനമായിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ റിയൽ ജിഡിപി 6.5 ശതമാനവും നോമിനൽ ജിഡിപി 9.9 ശതമാനവും വളർച്ച കൈവരിക്കുമെന്നാണ് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിൻറെ കണക്കുകൂട്ടൽ.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## PM JAHAN E KHUSRAU

സൂഫി സംഗീതോത്സവത്തിൻറെ 25-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിലെ സുന്ദർ നഴ്സറിയിൽ നടക്കുന്ന ജഹാൻ-ഇ-ഖുസ്രു പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പ സമയത്തിനകം പങ്കെടുക്കും. മേളയിൽ ഒരുക്കിയ കരകൗശല വസ്തുക്കളുടെ വിപണന കേന്ദ്രമായ TEH ബസാർ പ്രധാനമന്ത്രി സന്ദർശിക്കും.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## UTTARAKHAND-AVALANCHE

ഉത്തരാഖണ്ഡിൽ, ചമോലി ജില്ലയിലെ മന ഗ്രാമത്തിനടുത്തുണ്ടായ ഹിമപാതത്തിൽ കുടുങ്ങിയ 57 തൊഴിലാളികളിൽ 32 പേരെ രക്ഷപ്പെടുത്തി. ITBP, NDRF, SDRF, കരസേനാ സംഘങ്ങൾ എന്നിവർ രക്ഷാ പ്രവർത്തനത്തിൽ, സജീവമാണ്. രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഇന്ത്യൻ വ്യോമസേനയെയും വിളിച്ചിട്ടുണ്ട്, എന്നാൽ കനത്ത മഞ്ഞുവീഴ്ചയും മോശം കാലാവസ്ഥയും വെല്ലുവിളി ഉയർത്തുന്നുണ്ട്. രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയാണെന്ന് ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു. രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉറപ്പ് നൽകി.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## NATIONAL SCIENCE DAY

ഇന്ന് ദേശീയ ശാസ്ത്ര ദിനം. വിഖ്യാത ഭൗതിക ശാസ്ത്രജ്ഞൻ സി.വി. രാമൻ, 'രാമൻ ഇഫക്ട്' കണ്ടെത്തിയതിൻറെ സ്മരണാർത്ഥമാണ് ഫെബ്രുവരി 28 ശാസ്ത്രദിനമായി ആചരിക്കുന്നത്. ജിജ്ഞാസയാണ് ശാസ്ത്രത്തിന്റെ

മാതാവെന്നും ശാസ്ത്രവും നൂതനത്വവും ജനകീയമാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## REV. RAJNATH - VIGYAN VAIBHAV 2025 (EARLY)

മനുഷ്യരാശിയുടെ സമഗ്ര വികസനത്തിൽ ശാസ്ത്രത്തിന് സുപ്രധാന പങ്കുണ്ടെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ശാസ്ത്രത്തിന്റെ പുരോഗതി സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടകമാണെന്ന് അദ്ദേഹം പറഞ്ഞു. ഹൈദരാബാദിലെ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ്യരക്ഷാ മന്ത്രി.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## JITENDRA SINGH (INTRO)

ശാസ്ത്ര മേഖല കേന്ദ്ര സർക്കാരിൻറെ മുഖ്യ പരിഗണനാ വിഷയമാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ ദേശീയ ശാസ്ത്ര ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷത്തിനിടെ ഇന്നവേഷൻ, ഗവേഷണം, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയ്ക്ക് വലിയ പിന്തുണയാണ് സർക്കാർ നൽകി വരുന്നതെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

(വോയ്സ്)

😊😊😊😊😊😊😊😊😊😊😊😊😊😊😊

## MORATORIUM -KKD

കോഴിക്കോട് ജില്ലയിലെ വിലങ്ങാട് പ്രകൃതി ദുരന്തബാധിത വില്ലേജുകളിലെ വായ്പ്പകൾക്ക് മൊറട്ടോറിയം അനുവദിച്ചു. വിവിധ സർക്കാർ കുടിശ്ശികകളിൻ മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും മൊറൊട്ടൊറിയം അനുവദിക്കാൻ സർക്കാർ തീരുമാനിച്ചു. വിലങ്ങാട്, നരിപ്പറ്റ, തൂണേരി, വളയം, ചെക്കിയാട്, തിനൂർ, എടച്ചേരി, വാണിമേൽ, നാദാപുരം എന്നീ വില്ലേജുകളിലെ റവന്യൂ റിക്കവറി കുടിശ്ശികകൾക്കാണ് മൊറട്ടോറിയം ബാധകമാവുക.

😊😊😊😊😊😊😊😊😊😊😊😊😊😊😊

## RATION - KERALA

കേരളത്തിൽ ഫെബ്രുവരി മാസത്തെ റേഷൻ വിതരണം മാർച്ച് 3 വരെ നീട്ടിയതായി മന്ത്രി ജി. ആർ. അനിൽ. മാർച്ച് 4-ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. മാർച്ച് 5 മുതൽ ഈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

😊😊😊😊😊😊😊😊😊😊😊😊😊😊😊😊

## KERALA HC- PUNYAM POONKAVANAM

ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി അവസാനിപ്പിക്കാൻ ഹൈക്കോടതി ഉത്തരവ്. പദ്ധതിയുടെ പേരിൽ പണം പിരിച്ചെന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി.

😊😊😊😊😊😊😊😊😊😊😊😊😊😊😊😊

## GEORGE KURIAN

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഇൻ്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തലശ്ശേരിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

😊😊😊😊😊😊😊😊😊😊😊😊😊😊😊😊

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളത്തിനെതിരെ വിദർഭയ്ക്ക് ഒന്നാം ഇന്നിങ്സ് ലീഡ്. വിദർഭയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 379 റൺസ് പിന്തുടർന്നിറങ്ങിയ കേരളത്തിന് 342 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മൂന്നാം ദിനം കളി അവസാനിപ്പിക്കുമ്പോൾ 37 റൺസിൻറെ ലീഡാണ് വിദർഭ നേടിയത്. 98 റൺസെടുത്ത സച്ചിൻ ബേബിയും 79 റൺസെടുത്ത ആദിത്യ സർവതെയുമാണ് കേരളത്തിൻറെ സ്കോർ 300 കടത്തിയത്.

😊😊😊😊😊😊😊😊😊😊😊😊😊😊😊😊

## WPL

വനിതാ പ്രീമിയർ ലീഗ് ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടുന്നു. ടോസ് നേടിയ ഡൽഹി -

മുംബൈയെ ബാറ്റിംഗിനയച്ചു. ബംഗളുരു എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

😊😊😊😊😊😊😊😊😊😊😊😊😊😊😊

# REV. CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാനെതിരെ ഓസ്ട്രേലിയക്ക് 274 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ നിശ്ചിത 50 ഓവറിൽ 10 വിക്കറ്റ് നഷ്ടത്തിൽ 273 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഓസിസ് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 13 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 48 റൺസ് എടുത്തിട്ടുണ്ട്.

😊😊😊😊😊😊😊😊😊😊😊😊😊😊😊

# ISL

ISL ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ ഒഡീഷ FC – മുഹമ്മദെൻ SC യെ നേരിടുന്നു. ഭുവനേശ്വറിലെ കലിങ്കാ സ്റ്റേഡിയത്തിലാണ് മത്സരം.

😊😊😊😊😊😊😊😊😊😊😊😊😊😊😊
😊😊😊😊😊😊😊😊😊😊😊
😊😊😊😊😊
😊